(xiii) വാടാനപ്പള്ളി

(xiv) വെള്ളാങ്ങല്ലൂർ

(xv) അന്നമനട

(xvi) അന്തിക്കാട്

(xvii) ചേലക്കര

(xviii) കുണ്ടുകാട്

(xix) മുള്ളൂർക്കര

(xx) പാലയ്ക്കൽ

(xxi) വെള്ളിക്കുളങ്ങര

(ബി) അന്തിക്കാട് 33 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണത്തിനാവശ്യമായ സ്ഥലം നെഗോഷ്യേറ്റഡ് പർച്ചേസിലൂടെ ഏറ്റെടുക്കുന്നതിനാവശ്യമായ രേഖകൾ 2004 മാർച്ചിൽ സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് തൃശ്ശൂർ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമാക്കാനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തി വരുന്നു.

(സി) പാലയ്ക്കൽ 33 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണത്തിനുവേണ്ടി സർക്കാർ അനുമതി നൽകിയ സ്ഥലം വിറ്റുപോകയാൽ പുതിയതായി മൂന്ന് സ്ഥലങ്ങൾ കണ്ടെത്തിയതിൽ ഏറ്റവും അനുയോജ്യമായത് ഏതെന്ന് വിദ്യുച്ഛക്തി ബോർഡ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ പരിശോധിച്ചു വരികയാണ്.

(ഡി) ചിറയ്ക്കൽ 33 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം ഈ സാമ്പത്തിക വർഷം തന്നെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) ഇപ്പോൾ പരിഗണനയിൽ ഇല്ല.

ഇലക്ട്രോണിക് മീറ്റർ നിർമ്മാണം

120 [123] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡിനാവശ്യമുള്ള മുഴുവൻ ഇലക്ട്രോണിക് മീറ്ററും നിർമ്മിക്കുന്നത് ഏറ്റവും കുറഞ്ഞ നിരക്കിൽ ഗവൺമെന്റ് ഉടമയിലുള്ള കൊല്ലത്തെ മീറ്റർ കമ്പനിക്ക് നൽകാൻ തയ്യാറാകുമോ;

(ബി) പൊതുമേഖലയ്ക്ക് നൽകുന്ന വിലയിലുള്ള ഇളവുകൾ മീറ്റർ കമ്പനിക്കും നൽകുന്ന കാര്യം പരിഗണിക്കാമോ;

(സി) 10 വർഷത്തെ ഗ്യാരണ്ടിയും ഗുണമേൻമയുമുള്ള മീറ്റർ കേരളത്തിൽ പൊതുമേഖലയിൽ നിർമ്മിക്കുമ്പോൾ പ്രസ്തുത സ്ഥാപനത്തിന് മുൻഗണന നൽകാൻ ഗവൺമെന്റ് നയപരമായ തീരുമാനം കൈക്കൊള്ളുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇലക്ട്രിസിറ്റി ബോർഡിന് ആവശ്യമായ മീറ്ററുകൾ മൽസര സ്വഭാവമുള്ള ദർഘാസുകൾ ക്ഷണിച്ചാണ് വാങ്ങുന്നത്. അവരിൽ ഗുണനിലവാരം ഉള്ളതും ഏറ്റവും കുറഞ്ഞ വില രേഖപ്പെടുത്തുന്നതുമായ കമ്പനികളിൽ നിന്നുമാണ് മീറ്റർ വാങ്ങുന്നത്. ആയതിനാൽ ദർഘാസുകൾ ക്ഷണിക്കാതെ ബോർഡിനാവശ്യമായ മീറ്ററുകൾ കൊല്ലം മീറ്റർ കമ്പനിയിൽ നിന്നും വാങ്ങാൻ നിർവ്വാഹമില്ല.

(ബി) ഇപ്പോൾ ഇലക്ട്രിസിറ്റി ബോർഡിൽ പൊതുമേഖലാ കമ്പനികൾക്ക് യാതൊരു ഇളവുകളും നൽകുന്നില്ല. ബോർഡിന്റെ ചെലവ് വർദ്ധിക്കാൻ കാരണ മാകുന്ന നയപരമായ തീരുമാനങ്ങൾ റഗുലേറ്ററി കമ്മീഷന്റെ പരിശോധനയ്ക്ക് വിധേയമാണ്.

(സി) ഇലക്ട്രിസിറ്റി ബോർഡിന്റെ ദർഘാസുകളിൽ ഏറ്റവും കുറഞ്ഞ വില രേഖപ്പെടുത്തുകയാണെങ്കിൽ പ്രസ്തുത കമ്പനിയിൽ നിന്നും മീറ്റർ വാങ്ങുന്നതാണ്. മീറ്ററുകൾക്കുള്ള ദർഘാസുകൾ ക്ഷണിക്കുന്നത് 10 വർഷത്തെ ഗ്യാരണ്ടി നിഷ്കർഷിച്ചിട്ടാണ്.

കെ.എസ്.ഇ.ബി.-യുടെ ഇലക്ട്രോണിക് മീറ്ററുകൾ

121 [124] ശ്രീ. എം. എ. വാഹിദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ഉപഭോക്താക്കൾക്ക് കേരള സംസ്ഥാന വൈദ്യുതി ബോർഡ് നൽകിയ ഇലക്ട്രോണിക് മീറ്ററുകൾ വൈദ്യുതി ഉപഭോഗം അശാസ്ത്രീയമായി രേഖപ്പെടുത്തുന്നത് സംബന്ധിച്ച് സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് വൈദ്യുതി ബോർഡിന് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; വൈദ്യുതി ബോർഡ് ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) ഇലക്ട്രോണിക് മീറ്ററുകളെപ്പറ്റി ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) ഇലക്ട്രോണിക് മീറ്ററുകളെ സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികളിന്മേൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ കീഴിലുള്ള മീറ്റർ ടെസ്റ്റിംഗ് ലാബുകളിൽ മീറ്ററുകൾ പരിശോധിക്കുന്നതിനും ടി പരിശോധനയിൽ തെറ്റായി കാണുന്ന മീറ്ററുകളുണ്ടെങ്കിൽ അവ മാറ്റി ശരിയാണെന്ന് സർട്ടിഫൈ ചെയ്ത് മീറ്ററുകൾ സ്ഥാപിക്കുന്നതിനും വൈദ്യുതി ബോർഡിനും ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. വൈദ്യുതി ബോർഡ് തുടർനടപടികൾ എടുത്തു വരുന്നു. എല്ലാ സെക്ഷൻ ഓഫീസുകളിലും പരാതി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പരാതി ശരിയാണെന്നു കണ്ടാൽ കൂടുതലായി നൽകിയ തുക മടക്കി നൽകാനും തീരുമാനിച്ചു.